"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - 30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്**

സ.ഉ.(സാധാ) നം.2896/2024/RD തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2468/2024/റവ തീയതി 14.10.2024.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 6.11.2024-ലെ DCKKD/10624/2024-D1 നമ്പർ കത്ത്
3. കോഴിക്കോട് ജില്ലാ കളക്ടറുടെ 4.12.2024-ലെ DCKKD/9387/2024-F4 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം വിലങ്ങാട് ഉരുൾപൊട്ടലിൽ മരണപ്പെട്ട, ഒരാളുടെ കുടുംബത്തിന് 2 ലക്ഷം രൂപയും നാശനഷ്ടം സംഭവിച്ച 450 പേർക്ക് 5000/- രൂപ വീതം 22,50,000/- രൂപ അടിയന്തിര ധനസഹായവും, 30 കുടുംബങ്ങൾക്ക് വാടക ഇനത്തിൽ ഒരു മാസത്തേക്ക് 6000/- രൂപവീതം 1,80,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു.

തിനൂർ വില്ലേജിലെ 38 പേർ കൂടി അടിയന്തിര ധനസഹായത്തിന് അർഹരാണെന്നും, ഈ 38 പേർക്ക് വിതരണം ചെയ്യാനാവശ്യമായ 1,90,000/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ചു നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും, കൂടാതെ 30 കുടുംബങ്ങൾക്ക് ഒക്ടോബർ, നവംബർ മാസത്തേയ്ക്ക് 6000/- രൂപ വീതം, 3,60,000/- രൂപയും, 62 കുടുംബങ്ങൾക്ക് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലേയ്ക്ക് 6000/- വീതം, 11,16,000/- രൂപയും ചേർത്ത് വാടകയിനത്തിൽ ആകെ തുകയായ 14,76,000/- രൂപയും (പതിനാലു ലക്ഷത്തി എഴുപത്തി ആറായിരം രൂപ മാത്രം) അനുവദിക്കണമെന്ന് ജില്ലാ കളക്ടർ പരാമർശം 2 & 3 പ്രകാരം, അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, തിനൂർ വില്ലേജിലെ 38 പേർക്ക് അടിയന്തിര ധനസഹായമായി അനുവദിക്കേണ്ടതായ 1,90,000/- രൂപയും 30 കുടുംബങ്ങൾക്ക് ഒക്ടോബർ, നവംബർ മാസത്തേയ്ക്ക് 6000/- രൂപ വീതം, 3,60,000/- രൂപയും, 62 കുടുംബങ്ങൾക്ക് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തേയ്ക്ക് 6000/- രൂപ

വീതം, **11,16,000/-** രൂപയും ചേർത്ത് ആകെ തുകയായ **16,66,000/-** രൂപ (പതിനാറു ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ച് ഉത്തരവാകുന്നു.

മേല്പറഞ്ഞ ഇനത്തിൽ വിതരണത്തിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള **TP 80** അക്കൗണ്ട് മുഖാന്തിരം കോഴിക്കോട് ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കാവുന്നതും ജില്ലാ കളക്ടർ തുക വിതരണം ചെയ്തശേഷം വിവരം താമസംവിനാ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYASHREE T K**

സ്പെഷ്യൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
ഡി.ആർ.എഫ് (ബി/സി) വകുപ്പുകൾക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 05-12-2024 10:30:10

സെക്ഷൻ ഓഫീസർ